നം.കെഎസ്എ.കെടിഎം.പി.5/1810/2018 തീയതി 17.10.2018

# കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ളഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-07-2017മുതൽ 31-08-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 27.09.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്.,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.09.2018 മുതൽ 27.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി മേരി ആൻഡ്രൂസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത റ്റി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ആൽബിൻ സിറിയക് | ഓഡിറ്റർ |

ബി)നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.ബി.ബിജുകുമാർ | 1.04.2017 മുതൽ 31.03.2018 വരെ. |
| സെക്രട്ടറി | ശ്രീമതി അനിത എം.തോമസ് | 1.04.2017 മുതൽ 31.03.2018 വരെ |

സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.അനിത.എ.വി.<br>ശ്രീമതി.ബിന്ദു കെ.കെ. | 01.04.17മുതൽ 19.08.17വരെ<br>24.8.17മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജി ജോസ് ജേക്കബ് | 01.04.17മുതൽ 31.3.18 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.ഷാമില.പി.എച്ച് | 01.04.17മുതൽ 31.3.18 വരെ |
| വി.ഇ.ഒ | ശ്രീ.ബിജോയ് സേവ്യർ<br>ശ്രീ.ദിലീപ് കുമാർ<br>ശ്രീ.ഗീരീഷ് | 01.04.17മുതൽ 17.7.17 വരെ<br>20.07.17മുതൽ 31.3.18 വരെ<br>01.04.17 മുതൽ 31.3.18 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. | ഡോ.ജയശ്രീ കെ.എൻ. | 01.04.17മുതൽ31.03.18 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.എസ്സ്.അനിതകുമാരി | 01.04.17മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.ശ്രീജ ജി.എസ്. | 01.04.17മുതൽ 31.03.18വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി ദീപ്തി വി. | 01.04.17മുതൽ31.03.18വരെ |
| അസിസ്റ്റന്റ് എൻജിനീയർ<br>എൽ.എസ്.ജി.ഡി. | ശ്രീമതി.ദിവ്യാ എസ്.നായർ<br>ശ്രീ.ദിലീപ് കുമാർ പി.റ്റി.<br>ശ്രീമതി രശ്മി എസ്. | 01.04.17 മുതൽ 3.10.17 വരെ<br>4.10.17മുതൽ 9.10.17FNവരെ<br>09.10.17മുതൽ 31.03.18വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ബീന പി.എസ്.<br>ശ്രീ. വിജയകുമാർ എം.ജി | 01.04.17 മുതൽ 9.11.17 വരെ<br>6.12.17മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ഷീബാ മോൾ<br>കെ.എം. | 01.04.17 മുതൽ 31.03.18<br>വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്&പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം(മാന്വൽ പാർട്ട് 1 അനുബന്ധം ബി) |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ.(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്തവ) |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1-1 | നികുതികൾ, മറ്റ് വരവിനങ്ങൾ എന്നിവയിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു |
| 2-1-2 | ഗവൺമെന്റ് കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി |

| | |
|---|---|
| 2-1-3 | വസ്തു നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയിരിക്കുന്നു |
| 2-1-4 | ടെലി കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നാളിതുവരെ ഈടാക്കിയിട്ടില്ല |
| 2-2-1 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-2-2 | തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 2-2-3 | ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 2-3 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ വാടക അടവാക്കുന്നില്ല |
| 2-4 | വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച ധാരാളം കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല |
| 2-5 | നായ്ക്കൾക്ക് ലൈസൻസ് സംബന്ധിച്ച് |
| 2-6 | കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ നിയന്ത്രണചട്ടങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ല |
| 2-7 | രജിസ്ട്രേഷൻ എടുക്കാതെ മെഡിക്കൽ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-8 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടണം |
| 2-9 | ഇ-ടെണ്ടർ – ടെണ്ടർ ഫീസ്, ഇ.എം.ഡി.തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചില്ല |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല |
| 3-2 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കുവാൻ സംവിധാനമില്ല |
| 3-3 | ലക്ഷ്യം കൈവരിക്കാത്ത പ്രോജക്ടുകൾ – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-4 | പഞ്ചായത്ത് പൊതുശ്മശാനം നവീകരണം – പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 3-5 | വാട്ടർ കിയോസ്ക് പ്ലാറ്റ് ഫോം നിർമ്മാണം – പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 3-6 | ജലസേചന പമ്പ് സെറ്റ് വിതരണം – അപാകതകൾ |
| 3-7 | കാർഷിക കർമസേനയ്ക്ക് യന്ത്ര ഉപകരണങ്ങളുടെ വിതരണം – രേഖകൾ ലഭ്യമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8 | കരാറില്ലാതെ വൻതുക ഡെപ്പോസിറ്റായി നൽകിയത് |
| 3-9 | ബാരൽവില ഈടാക്കിയില്ല |

| | |
|---|---|
| 3-10 | വിഹിതം നൽകൽ പ്രോജക്ടുകൾ – വിനിയോഗ വിവരം, രസീത് എന്നിവയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-11 | ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം – സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 3-12 | കന്നുകുട്ടി പരിപാലനപദ്ധതി – വിനിയോഗവിവരമില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-13 | ആശ്രയ ഒന്നും രണ്ടും ഘട്ട പദ്ധതികൾ – പദ്ധതിപ്പണം ചെലവാകാതെ 8,07,695/- രൂപ ബാങ്കിൽ അവശേഷിക്കുന്നു |
| 3-14 | ടാക്സി സ്റ്റാൻഡ് നിർമ്മാണം – തുടർനടപടികൾ കൈക്കൊള്ളേണ്ടതു സംബന്ധിച്ച് |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 28-03-2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 8860693.40 | 9941296.55 |
| വരവ് | 68326000.00 | 56418275.00 |
| ആകെ | 77186693.40 | 66359571.55 |
| ചെലവ് | 73868000.00 | 52290911.00 |
| നീക്കിയിരിപ്പ് | 3318693.40 | 14068660.55 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു.സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ചെലവുകളുടെ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതായി മിനിറ്റ്സ്ബുക്കുകളിൽ ചേർത്തിട്ടുണ്ടെങ്കിലും അവ ജനറൽ കമ്മിറ്റി പരിഗണിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല.അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല.ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും ,നിർദേശിച്ചതിൽ അധികരിച്ചചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും ,അക്കൗണ്ടിംഗ് സോഫ്റ്റ് വേർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(5) പ്രകാരം, ഒരു വർഷത്തിനിടയ്ക്ക് പഞ്ചായത്തിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തികൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമായി വന്നാൽ, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകവും പുതുക്കിയതും ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി(റിവൈസ്ഡ് ബജറ്റ്)അംഗീകാരം വാങ്ങേണ്ടതാണ്.ആയതുപ്രകാരം കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് പുതുക്കി 27.03.2018-ൽ അംഗീകാരം വാങ്ങിയിട്ടുണ്ട്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 10107562.55 |
| വരവ് | 68493528 |
| ആകെ | 78601090.55 |

| | |
|---|---|
| ചെലവ് | 73712000 |
| നീക്കിയിരിപ്പ് | 4889090.55 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 28-05-2018 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 20.06.2018 – 21.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 28-6-18 ലെ കെ.എസ്.എ.കെ.ടി.എം .പി.5/1174/18 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം ( റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 9941296.55 |
| വരവ് | 56418275.00 |
| ആകെ | 66359571.55 |
| ചെലവ് | 52290911.00 |
| നീക്കിയിരിപ്പ് | 14068660.55 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11429000 | 11429000 | 10397942 | 1031058 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6344124 | 6344124 | 6273597 | 70527 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 209915 | 209915 | 209915 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11210000 | 11210000 | 9245614 | 1964386 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2591000 | 2591000 | 1161453 | 1429547 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5367282 | 5367282 | 5347806 | 19476 |
| കെ.എൽ.എസ്.ജി.ഡി.പി | - | - | - | - | - |
| എസ്.ബി.ടി,സീറോബാലൻസ് | - | - | - | - | - |

| | | | | | |
|---|---|---|---|---|---|
| ട്രഷറി ഓൺ ഫണ്ട് vpfa 1, 2 | - | - | - | - | - |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 963894 | 8465155 | 9429049 | 2439547 | 6989502 |
| എസ്.ബി.ടി, (ഷോപ്പിംഗ് കോംപ്ലക്സ്) | 4238 | 146 | 4384 | 471 | 3913 |
| എസ്.ബി.ടി ഡിസ്ട്രസ് റിലീഫ് ഫണ്ട് | - | - | - | - | - |
| MGNREGS | 1183 | 499388 | 500571 | 262834 | 237737 |
| എസ്.ബി.ടി, (ഐ.സി.ഡി.എസ്) | 83877 | 486874 | 570751 | 136822 | 433929 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ. | 0 | 684742 | 684742 | 684742 | 0 |
| കറന്റ് അക്കൗണ്ട്. | - | 246019 | 246019 | 138536 | 107483 |
| ബി ഫണ്ട് | | 54480 | 54480 | 54480 | |
| തനത്ഫണ്ട്, | 8888104107 | 12320004 | 21208108 | 14912012 | 6296096.07 |
| കാഷ് | 0 | | | | 0 |

## 1-6 പദ്ധതി അവലോകനം.

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യവാർഷികപദ്ധതിയാണ് 2017-18 ലേത്.പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക,സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്.ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9-1-2017ലെ സർക്കാർ ഉത്തരവ്( എം.എസ്)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി.പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന: സംഘടിപ്പിക്കുകയും 3/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട് )പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട് . തയാറാക്കിയ കരട് പ്രോജക്റ്റുകൾ 4/2017 ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 15-5-2017 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പെടുത്തിയിട്ടില്ല . പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ്

കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20-5-2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-18 വാർഷികപദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി - 490/DPC/DPO/KTM തീയതി 27.12.2017

ആകെ അടങ്കൽ -50733339/- രൂപ

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| *1. | ഉത്പാദനം | 31 | 29 | 8038656 | 5228677 | 65 |
| 2. | സേവനം | 76 | 67 | 19797730 | 14562185 | 74 |
| 3. | പശ്ചാത്തലം | 150 | 124 | 22896953 | 16036292 | 70 |
| | ആകെ | 257 | 220 | 50733339 | 35827154 | 70 |

ആകെ 220 പ്രോജക്ടുകൾ നടപ്പിലാക്കിയെങ്കിലും 8 എണ്ണവും ഭാഗികമായാണ് നടപ്പിലായത്. അംഗീകാരം ലഭിച്ച 29 പ്രോജക്ടുകൾ ഉപേക്ഷിച്ചു. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും</u>

അംഗീകാരം ലഭിച്ച 257 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 12 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 12 | 12 | 2239483 | 1522988 | 68 |
| 2. | വെറ്ററിനറി സർജൻ | 8 | 8 | 2840750 | 1309189 | 46 |
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 2 | 2 | 410600 | 393104 | 95 |
| 4. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 200000 | 196100 | 98 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 385000 | 363200 | 94 |
| 6. | വി.ഇ.ഒ. | 10 | 10 | 4165000 | 3212800 | 77 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 7 | 7 | 3964345 | 3203226 | 80 |
| 8. | സെക്രട്ടറി | 63 | 59 | 7840220 | 6592965 | 84 |

| | | | | | | |
|---|---|---|---|---|---|---|
| 9. | ഹെഡ്മാസ്റ്റർ | 5 | 5 | 1206300 | 1125808 | 93 |
| 10. | അസിസ്റ്റന്റ് എഞ്ചിനീയർ | 123 | 93 | 22926973 | 14288941 | 62 |
| 11. | അസിസ്റ്റന്റ് സെക്രട്ടറി | 20 | 17 | 3099351 | 2493516 | 80 |
| 12. | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1455317 | 1125317 | 77 |
| | ആകെ | 257 | 217 | 50733339 | *35827154 | |

(*17 പ്രൊജക്ടുകളുടെ ചെലവ് ക്യൂ ലിസ്റ്റിലാണ്)

കാർഷികമേഖലയിൽ ജലസേചനപമ്പ് സെറ്റ് വിതരണം, കാർഷിക കർമസേനയ്ക്ക് കാർഷികോപകരണങ്ങളുടെ വിതരണം, നെല്ലുൾപ്പെടെ വിവിധ കാർഷികവിളകളുടെ വികസനം ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകൾ തുടങ്ങിയവയാണ് കൃഷിഓഫീസർ നടപ്പിലാക്കിയത്.പ്രോജക്ടുകൾ കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായി. എന്നാൽ കാർഷികമേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രോജക്ടുകളുടെ നിർവഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല.

പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി, പട്ടികജാതി വിഭാഗത്തിനുൾപ്പെടെ കറവപ്പശു, പെണ്ണാട്, മുട്ടക്കോഴി എന്നിവയുടെ വിതരണം തുടങ്ങി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറിസർജൻ നിർവഹണം നടത്തിയത്. കൂടാതെ പേവിഷബാധ നിയന്ത്രണം, മൃഗാശുപത്രിയുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രോജക്ടുകളും നടപ്പിലാക്കി.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡി.ഓഫീസർ,പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. എന്നാൽ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നില്ലയെന്നത് ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പോരായ്മയാണ്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

എസ്.സി, പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി വീടുകളുടെ ഗുണമേന്മാ വർദ്ധനവ്, പട്ടികവർഗവിഭാഗത്തിനുള്ള ഭവനപുനരുദ്ധാരണം എന്നീ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളും,മഴവെള്ളസംഭരണി,ഗാർഹികബയോഗ്യാസ് പ്ലാന്റ് തുടങ്ങി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളും വി.ഇ.ഒ യാണ് നിർവഹിച്ചത്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്ട് നിർദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് 4 പ്രോജക്ടുകൾ വയ്ക്കുകയും ചെയ്തു. എന്നാൽ സ്പിൽ ഓവറായ മത്തിനാൽചിറ അങ്കണവാടികെട്ടിടനിർമാണം എന്ന പ്രോജക്ട് പൂർത്തിയാക്കുക മാത്രമാണുണ്ടായത്. ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 26 അങ്കണവാടികളിൽ 5 എണ്ണം വാടകക്കെട്ടിടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്.18 അങ്കണവാടികൾക്ക് സ്വന്തമായി കുടിവെള്ള ലഭ്യതയില്ല. എന്നാൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ

കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാവുന്നില്ല.

എസ്.എസ്.എ വിഹിതം നല്കൽ, എസ്.സി വിഭാഗം വിദ്യാർഥികൾക്ക് ലാപ്ടോപ്പ് ഉൾപ്പെടെ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ പരിഗണനയിൽ ഉൾപ്പെടുന്ന പ്രോജക്ടുകളാണ് ഹെഡ്മാസ്റ്റർ നടപ്പിലാക്കിയത്. എസ്.എസ്.എ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സ്കൂളുകളിൽ പരിശോധന നടത്തുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ജനറൽകമ്മിറ്റിക്ക് ശുപാർശ നല്കിയെങ്കിലും പരിശോധന നടത്തിയില്ല.

ധനകാര്യം,വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു.ഇവയിൽ 36 എണ്ണവും സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി ഇലക്ട്രിസിറ്റിബോർഡിലേക്കുള്ള നിക്ഷേപപ്രവൃത്തികളാണ്.കൂടാതെ വാട്ടർ അതോറിട്ടിയിലേക്ക് 3പ്രോജക്ടുകൾക്കായും ഭൂജലവകുപ്പിലേക്ക് 2 പ്രോജക്ടുകൾക്കായും തുക നിക്ഷേപിച്ചു. സാമൂഹ്യസുരക്ഷാവിഹിതം, ഐ.കെ.എം പ്രവർത്തന ഫണ്ട്, ഖരമാലിന്യനിർമാർജനം, വൃദ്ധജനങ്ങൾക്ക് കട്ടിൽ, തെരുവ് വിളക്കുകൾ,ഐ.എസ്.ഒ പ്രോജക്ട്, പട്ടികജാതികോളനികളിലെ വിജ്ഞാൻ വാടികളിലേക്ക് പുസ്തകങ്ങൾ, ഫർണിച്ചർ, പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ തുടങ്ങിയ പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. വിജ്ഞാൻ വാടികളിലേക്ക് വാങ്ങിയ ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ നിലവിൽ നിഷ്ക്രിയമായിരിക്കുന്നു. കൂടാതെ ഉമ്പിടി കോളനിയിലെ വിജ്ഞാൻവാടികെട്ടിടം കാടുമൂടിയ നിലയിലുമാണ്.

പട്ടികജാതി,പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളും,ആശ്രയ ഗുണഭോക്താക്കൾക്കുള്ള പ്രോജക്ടുകളുമുൾപ്പെടെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പ്രോജക്ടുകളാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ചത് .ടി പ്രോജക്ടുകൾ പൊതുവെ അപാകതകളില്ലാതെ നടപ്പാക്കിയിട്ടുണ്ട്.

<u>പൊതു മരാമത്ത് പ്രവൃത്തികൾ- ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പോരായ്മകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്.ഈ മേഖലയിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) <u>വികസന സ്റ്റാന്റിങ്ങ് കമ്മറ്റി പൊതുമരാമത്ത് പ്രവൃത്തികൾ മോണിറ്ററിങ്ങ് നടത്തുന്നില്ല</u>

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിങ്ങ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിലൊന്നിലും പദ്ധതി നിർവ്വഹണ കലണ്ടർ , പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് എന്നിവ കാണുന്നില്ല. പ്രവൃത്തി ഫയലുകൾക്കൊപ്പമുള്ള മോണിറ്ററിങ്ങ് റിപ്പോർട്ടിൽ വർക്കിങ്ങ് ഗ്രൂപ്പ് ചെയർമാന്റെ ഒപ്പ്, പദ്ധതിയുടെ പേര്, ചെലവ് തുക എന്നിവ മാത്രമാണ് ചേർത്തിരിക്കുന്നത്. പദ്ധതി ലക്ഷ്യം കൈവരിച്ചോ, ഗുണഭോക്താക്കളുടെ വിശദാംശം, പ്രോജക്റ്റിൽ ലക്ഷ്യമിട്ട എല്ലാ പ്രവർത്തനവും നടന്നോ, നിർവ്വഹണം തൃപ്തികരമാണോ തുടങ്ങിയ വിശദാംശങ്ങളൊന്നും ചേർത്തിട്ടില്ല.

2) <u>പദ്ധതികൾ പൂർത്തീകരിക്കുന്നില്ല.</u>

പഞ്ചായത്തിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 123 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 93 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. പദ്ധതി രൂപീകരണം മുതൽ പദ്ധതി പൂർത്തീകരണം വരെയുള്ള ഘട്ടങ്ങളിൽ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല. ആകെ 22926973/-രൂപ വകയിരുത്തിയെങ്കിലും 14288941/- രൂപ മാത്രമാണ്

ചെലവഴിച്ചിട്ടുള്ളത് ( 62.32%). സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പുതിയ പ്രവർത്തികളേറെയും നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ മാത്രമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

3) ചുമതലകളുടെ നിർവ്വഹണത്തിൽ ശ്രദ്ധിക്കണം

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 123 പ്രവർത്തികളിൽ 89 പ്രവർത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. തൻ വർഷം തുക വകയിരുത്തി നടപ്പിലാക്കാത്ത 30 പ്രവർത്തികളിൽ ആശുപത്രി നവീകരണം, ജലസേചന പദ്ധതി കുടിവെള്ള പദ്ധതികൾ, , മിനി ഓഡിറ്റോറിയം,ടോയ് ലെറ്റ്, പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് , അങ്കണവാടി കെട്ടിടം എന്നിവയുടെ നവീകരണം എന്നിവ ഉൾപ്പെടുന്നുണ്ട് പഞ്ചായത്ത് അനിവാര്യമായും മുൻഗണന നൽകിയും സമയ ബന്ധിതമായും നടപ്പിലാക്കേണ്ട ഇത്തരം പ്രവർത്തികൾക്ക് ഫണ്ട് വകയിരുത്തിയതിന് ശേഷം നടപ്പിലാക്കാതെ പാഴാക്കുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

4) പദ്ധതി രൂപീകരണത്തിൽ ഗ്രാമ സഭാ,വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിഗണിക്കണം

ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമ സഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമ സഭയിലാണ്. ഗ്രാമ സഭ,വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല. ഉദാഹരണം നെടുങ്ങാടപ്പള്ളി കുടിവെള്ളപദ്ധതിയ്ക്ക് കിണർ താഴ്ത്തൽ, ഡ്രെയിനേജ് സംവിധാനങ്ങൾ റോഡുകളിൽ നടപ്പിലാക്കുക എന്നിവ.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച , സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്.

## 1-7 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1183 | 792887 | 794070 | 556333 | 237737 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്. | 0 | 6081760 | 6081760 | 6081760 | 0 |
| ആകെ | 1183 | 6874647 | 6875830 | 6638093 | 237737 |

2017-18 ൽ വിഭാവനം ചെയ്ത 151 പ്രവൃത്തികളിൽ സാങ്കേതികാനുമതി ലഭിച്ച 66 പ്രവൃത്തികളും പൂർത്തീകരിച്ചു. 19839 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. മഴക്കുഴി, പടുതാക്കുളം, ടോയ്ലറ്റ് എന്നിവയുടെ നിർമ്മാണം, തോട് ആഴംകൂട്ടൽ, റോഡ് കോൺക്രീറ്റിംഗ് എന്നിവയാണ് ഏറ്റെടുത്ത പ്രവൃത്തികൾ. പ്രവൃത്തികളുടെ മെറ്റീരിയൽ തുക ഇനത്തിൽ 490281/- രൂപ ഇനിയും ലഭിച്ചിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24480 | 63 |
| കർഷകതൊഴിലാളി പെൻഷൻ | 3147700 | 1037 |
| വിധവാപെൻഷൻ | 7367900 | 2363 |
| വാർദ്ധക്യകാലപെൻഷൻ | 18868400 | 5482 |
| വികലാംഗപെൻഷൻ | 2300500 | 735 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 264600 | 88 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2018 തീയതിയിൽ 3.30PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 21,230/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഭരണപരമായ നയങ്ങളുടെ പരിപാലനം, പ്രക്രിയകൾ,നടപടിക്രമങ്ങൾ,കടമകൾ,പെരുമാറ്റങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ആഭ്യന്തരനിയന്ത്രണ സംവിധാനം.തൃപ്തികരമായ ആഭ്യന്തരനിയന്ത്രണം നിലനില്ക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ധനകാര്യ പത്രികകളുടെ കൃത്യത, പൂർണത, ഇടപാടുകളുടെ നിയമസാധുത, മിതവ്യയത്വം, കാര്യക്ഷമത, ഫലപ്രാപ്തി എന്നിവ ഉറപ്പാക്കാൻ സാധിക്കുന്നു എന്നതാണ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആഭ്യന്തരനിയന്ത്രണത്തിന്റെ പ്രസക്തി.

ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കി. മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ ആവശ്യകതയെപ്പറ്റിയും, അത് കാര്യക്ഷമമായി നിലനിർത്തേണ്ട ഉത്തരവാദിത്തത്തെപ്പറ്റിയും ഭരണസമിതിക്ക് ബോദ്ധ്യമുള്ളതായി വിവരശേഖരണത്തിൽ വ്യക്തമാകുന്നു. ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നല്കിയിട്ടുള്ളത് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമാണ്.

അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് സർക്കാർ നിർദേശിച്ച പ്രകാരമുള്ള അക്കൗണ്ടിംഗ് സമ്പ്രദായം താരതമ്യേന മെച്ചപ്പെട്ട നിലയിൽ നടപ്പിൽവരുത്തിയിട്ടുണ്ട്. കാഷും,ബാങ്കുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കൃത്യമായി പാലിച്ചുവരുന്നുണ്ട്. ഒരേ വ്യക്തികൾ തന്നെ പണം സ്വീകരിക്കുക, ബാങ്ക് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യുക, കണക്കുകളിൽ ഉൾപ്പെടുത്തുക എന്നീ പ്രക്രിയകൾ കൈകാര്യം ചെയ്യുന്നത് തട്ടിപ്പുകൾക്കിടയാക്കുമെന്നതിനാൽ ഈ പ്രവൃത്തികൾ വ്യത്യസ്ത ഓഫീസ് സെക്ഷനുകളുടെ ചുമതലയിലാക്കിയിട്ടുണ്ട്.എല്ലാ ചെലവുകൾക്കും വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ അവശ്യം വേണ്ട പല വിശദാംശങ്ങളും വൗച്ചറുകൾക്കൊപ്പം വച്ചിട്ടില്ല എന്നത് വൗച്ചറുകളുടെ ആധികാരികത ഇല്ലാതാക്കുന്നു.

നികുതികളിലെ ദീർഘകാല കുടിശ്ശികകൾ ഈടാക്കാനുള്ള നടപടികൾ ഫലപ്രാപ്തിയിലെത്തുന്നില്ല. വസ്തുനികുതിയിനത്തിലെ ഭീമമായ കുടിശ്ശിക നടപടികളിലെ ഫലപ്രാപ്തിയില്ലായ്മയെ കാണിക്കുന്നു.

വാർഷികകണക്കുകൾ പ്രകാരം തൊഴിൽനികുതി,വാടക,ഡി&ഒ ലൈസൻസ് ഇനങ്ങളിലും കുടിശ്ശികകൾ നിലനിൽക്കുന്നതായി കാണുന്നു. പുതിയ പല സ്ഥാപനങ്ങളെയും തൻവർഷം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താൻ സാധിച്ചപ്പോൾ മുൻവർഷം ലൈസൻസ് എടുത്തിരുന്ന പല സ്ഥാപനങ്ങളും ഒഴിവായതിലൂടെ ലൈസൻസ് ഫീസ്,തൊഴിൽനികുതി ഇനങ്ങളിലായി വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം ആഭ്യന്തരനിയന്ത്രണത്തിൽ കാര്യക്ഷമതയില്ലായ്മ നിലനിൽക്കുന്നു.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച എം.ബുക്കും ഫയലുകളും ശരിയായി സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. മത്സരാധിഷ്ഠിത ടെന്ററിലൂടെ പ്രവൃത്തികൾ നടത്തുന്നതിനാൽ ഇൻവെന്ററി സംബന്ധമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കി വരുന്നു. ഇത് സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

ആസ്തിവിവരങ്ങൾ അക്കൗണ്ടിന്റെ ഓപ്പണിംഗ് ബാലൻസിൽ ഉൾപ്പെടുത്തിയപ്പോൾ തരംതിരിവുകൾ കൃത്യമായി നടത്തിയിരുന്നില്ല.ഇപ്പോൾ ആസ്തികൾ കൃത്യമായി തരംതിരച്ച് അക്കൗണ്ടിംഗ് സമ്പ്രദായമായ സാംഖ്യയിൽ ഉൾപ്പെടുത്തിവരുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-5-2018,15-5-18 | 1/3/2018-30/4/2018 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-5-17 - 16-5-17 | 2012-13 മുതൽ 2016-17 വരെ. | No.LBH(HQ)11/8a-2623/17-18/85 19.06.2017 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)31.03.2018 ലെ ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂൾ പ്രകാരമുള്ള ഭൂ ആസ്തി ഉൾപ്പെടെയുള്ള സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയത്തിന്റെ കൃത്യത വ്യക്തമല്ല. ഓരോ വർഷവും പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരവും (മൂല്യം ഉൾപ്പെടെ) നിലവിലുള്ള ആസ്തികളുടെ മൂല്യത്തിലുണ്ടാവുന്ന വർദ്ധനവും (അതാത് വർഷത്തെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ പ്രകാരമുള്ളത്) ആസ്തി രജിസ്റ്ററിൽ ചേർത്ത് പുതുക്കിയിട്ടില്ല. ആയതിനാൽ കണക്കാക്കപ്പെട്ട ജനറൽ ഫണ്ട് പൊസിഷൻ അന്തിമമല്ല.

2)ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ തൻവർഷം ചേർത്ത 30,000/- രൂപ ഉൾപ്പെടെ വർഷാവസാന തുക 29,67,557/- രൂപയാണ്. ടി തുക ഏതെല്ലാം മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട തുകയാണെന്ന് വ്യക്തമാക്കാൻ സാധിക്കാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല.

3)അഡ്വാൻസ് രജിസ്റ്റർ പ്രകാരം വർഷാവസാനം ക്രമീകരിക്കാനുള്ള സിവിൽ അഡ്വാൻസ് ഇനത്തിലെ തുകകളിൽ (31.03.18ലെ ആസ്തിയായി കണക്കാക്കി ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയത്) 2014 മുതലുള്ള തുകകളും ഉൾപ്പെടുന്നു (കെഎസ്ഇബി - 12,02,789/- രൂ., ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് - 2,54,205/- രൂപ എന്നിവ ഉൾപ്പെടെ). അഡ്വാൻസ് നൽകിയ പ്രവൃത്തികൾ യഥാർത്ഥത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാലാണ് ക്രമീകരിക്കാനുള്ള അഡ്വാൻസായി കാണിക്കുന്നതെന്നും വിശദീകരിക്കപ്പെട്ടു. യഥാർത്ഥത്തിൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ചെലവ് തുക മുൻകൂർ ശീർഷകത്തിൽ നിന്നും നിശ്ചിത ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്.

4)ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻകൂർ ഇനത്തിലുള്ള വർഷാരംഭ ബാധ്യത ഇനംതിരിച്ചും വർഷം തിരിച്ചും

കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബി-7 ഷെഡ്യൂൾ പ്രകാരമുള്ള തുകയിൽ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുൻകൂർ മുതൽ കൂട്ടാനുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങളുടെ വിവരം ലഭ്യമാവുന്നില്ല.
5)താഴെപറയുന്ന ഇനങ്ങളുടെ ബി-15 ഷെഡ്യൂൾ പ്രകാരമുള്ള തുകയും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഡി.സി.ബി. പത്രിക പ്രകാരമുള്ള തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ബി-15 ഷെഡ്യൂൾ പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| വാടക കുടിശിക (current) | 95,339/- | 88,600/- |
| ഡി & ഒ ലൈസൻസ് ഫീ (കുടിശിക 01.04.17 പ്രകാരം) | 7,590/- | 22,900/ |

6)ബി-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന ബാധ്യതാ തുകകൾ തൻവർഷം ചെലവഴിച്ചിട്ടുള്ളതാണ്.

| ക്രമ നം. | ശീർഷകം | തുക |
|---|---|---|
| 1. | 320200322 | 5,88,639/- |
| 2. | 320800101 | 1,32,754/- |

യഥാർത്ഥത്തിൽ ചെലവഴിച്ച തുകകൾ ബാധ്യതാ കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

7)വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയസോഫ്റ്റ്‌വെയർ പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

8) സർക്കാരിലേയ്ക്കുള്ള അടവാക്കലുകളിൽ റവന്യൂ റിക്കവറി ഇനത്തിൽ സൂചിപ്പിച്ചിരിയ്ക്കുന്ന 45400/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1-1 നികുതികൾ,മറ്റ് വരവിനങ്ങൾ എന്നിവയിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക കണക്കുകൾ പ്രകാരം വർഷാവസാനം വസ്തുനികുതി 2675503 രൂ,തൊഴിൽനികുതി 39730 രൂ,ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് 20735 രൂ,കെട്ടിടവാടക 500764/- രൂ എന്നിങ്ങനെ കുടിശ്ശിക നിലനില്ക്കുന്നു. പഞ്ചായത്തിന്റെ തനതുവരുമാനങ്ങളിൽ ഭീമമായ കുടിശ്ശിക നിലനിലക്കുന്നത് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ അപര്യാപ്തതയെയാണ് വെളിപ്പെടുത്തുന്നത്. സത്വരനടപടികൾ സ്വീകരിച്ച് കുടിശ്ശിക പൂർണ്ണമായും ഈടാക്കേണ്ടതാണ്.

### 2-1-2 ഗവൺമെന്റ് കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ വസ്തു നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേർ | കെട്ടിട വിസ്തീർണ്ണം |
|---|---|---|---|
| 1 | 5/263 | ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ട് | താഴത്തെ നില-96 ച. മീ |

| | | | |
|---|---|---|---|
| | | | ഒന്നാം നില-55 ച. മീ |
| 2 | 5/264 | ഡിസ്ട്രിക്റ്റ് പോലീസ് സൂപ്രണ്ട് | താഴത്തെ നില-72 ച. മീ |
| 3 | 6/380 | ബി.എസ്.എൻ.എൽ | താഴത്തെ നില-572 ച. മീ |
| 4 | 9/94 | കേരള വാട്ടർ അതോറിറ്റി | താഴത്തെ നില-99.6 ച. മീ |
| 5 | 9/95 | കേരള വാട്ടർ അതോറിറ്റി | താഴത്തെ നില-14 ച. മീ |
| 6 | 16/417 | കേരള വാട്ടർ അതോറിറ്റി | താഴത്തെ നില-15 ച. മീ |

പ്രസ്തുത അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 8) ടി കെട്ടിടങ്ങൾ സഞ്ചയയിൽ എൻറോൾ ചെയ്തപ്പോൾ തന്നെ നികുതി ഒഴിവാക്കേണ്ട കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തപ്പെട്ടതെന്നും അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 2-1-3 വസ്തു നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയിരിക്കുന്നു

വസ്തു നികുതി രജിസ്റ്ററുകളും രേഖകളും പ്രകാരം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന V/362/A നമ്പർ കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥൻ | തറ വിസ്തീർണ്ണം | ഉപയോഗ ക്രമം | ഈടാക്കിയ വസ്തു നികുതി നിരക്ക് | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|
| V/362/A | പ്രശാന്ത്, നടുവിലേടത്ത്. | 497 ച.മീ | വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന<br>100 ച.മീ.ൽ താഴെയുള്ള ഹോട്ടൽ, റസ്റ്റോറൻറ്, തുടങ്ങിയവ | 35 രൂപ | 10959 രൂപ |

497 ച.മീ തറ വിസ്തീർണ്ണമുള്ളതും നിലവിൽ നടുവിലേടത്ത് റൂഫ് വേൾഡ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതുമായ (ഡി ആൻഡ് ഒ ലൈസൻസ് അപേക്ഷ പ്രകാരം) ഈ കെട്ടിടത്തിന് 'വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന 100 ച.മീ.ൽ താഴെയുള്ള ഹോട്ടൽ, റസ്റ്റോറൻറ്, തുടങ്ങിയവ' യുടെ നിരക്കിലാണ് വസ്തു നികുതി ഈടാക്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.12/18) ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ വിശദമായ പരിശോധന നടത്തി പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-1-4 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നാളിതുവരെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പുതുക്കി നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ബി.എസ്.എൻ.എൽ ന്റെ ഉടമസ്ഥതയിലുള്ള ടവറുകളിൽ നിന്ന് വസ്തുനികുതിയിനത്തിൽ തുകയൊന്നും ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. പ്രസ്തുത ടവറുകളുടെ വസ്തുനികുതി കുടിശിക വിവരം താഴെ കൊടുക്കുന്നു.

| ക്രമ | കെട്ടിട | ഉടമയുടെ പേര് | കുടിശിക | ആകെ |
|---|---|---|---|---|

| നം | നം | | കാലയളവ് | കുടിശിക (₹) |
|---|---|---|---|---|
| 1 | 7/130 | ബി എസ് എൻഎൽ ലിമിറ്റഡ് (9 ച.മീ വിസ്തീർണ്ണം) | 2013-14 മുതൽ | 25518 |
| 2 | 13/358 | ബി എസ് എൻഎൽ ലിമിറ്റഡ് (9 ച.മീ വിസ്തീർണ്ണം) | 2013-14 മുതൽ | 25518 |
| 3 | 16/344 | ബി എസ് എൻഎൽ ലിമിറ്റഡ് (9 ച.മീ വിസ്തീർണ്ണം) | 2013-14 മുതൽ | 25518 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 7) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി കടിശിക പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട്, വസ്തുനികുതി ചട്ടങ്ങൾ 2011 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-2-1 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽനികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2017-18 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കറുകച്ചാൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് | 1,2 |
| 2 | വാണിയപ്പുരയ്ക്കൽ ഫൈനാൻസിയേഴ്സ് | 1,2 |
| 3 | എൻ എസ് എസ് എസ്റ്റേറ്റ്,കറുകച്ചാൽ | 1,2 |
| 4 | ചമ്പക്കര ഫൈനാൻസ് പ്രൈ.ലി., കറുകച്ചാൽ | 1,2 |
| 5 | കടന്തോട്ട് ചിട്ടി ഫണ്ട്സ്, കറുകച്ചാൽ | 1,2 |
| 6 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്സ്,എംഇഐ, കറുകച്ചാൽ | 2 |
| 7 | വിവിധ അബ്ക്കാരി ഷാപ്പുകൾ | 1,2 |
| 8 | കെ.ടി.ഡി.സി ബീർ പാർലർ, കറുകച്ചാൽ | 1,2 |
| 9 | ബി.എസ്.എൻ.എൽ ഡിവിഷണൽ മാനേജർ, കറുകച്ചാൽ | 1,2 |
| 10 | മാനേജർ , കാത്തലിക് സിറിയൻ ബാങ്ക്, കറുകച്ചാൽ | 1 |
| 11 | മാനേജർ, എസ്.ബി.ഐ | 1,2 |

| | | |
|---|---|---|
| 12 | പ്രിൻസിപ്പൽ , ശാരദ വിദ്യാമന്ദിരം, ചമ്പക്കര | 1,2 |
| 13 | എൻ.പി റബർ വർക്സ് , ചമ്പക്കര | 1,2 |
| 14 | ഇൻഡസ് മാർക്കറ്റിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസസ്, കറുകച്ചാൽ | 1,2 |
| 15 | റബർ മാർക്കറ്റിംഗ് സഹകരണ സംഘം, കറുകച്ചാൽ | 1,2 |
| 16 | മാവേലി സ്റ്റോർ, കറുകച്ചാൽ | 1,2 |
| 17 | കൺസ്യൂമർഫെഡ്, കറുകച്ചാൽ | 1,2 |
| 18 | മുളമൂട്ടിൽ ഫിനാൻസ്, കറുകച്ചാൽ | 1,2 |
| 19 | പെപ്പർ ഇൻഡ്യ കോർപ്പറേഷൻ, കറുകച്ചാൽ | 1,2 |
| 20 | പ്രീതി സൂപ്പർ ഹവായ് റബർ ഇൻഡസ്ട്രീസ്, കറുകച്ചാൽ | 1,2 |

ടി സ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിന് ആനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2-2 തൊഴിൽ നികുതി ഈടാക്കുന്നില്ല

1996 ലെ KPR (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടേയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പരിശോധനക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്ന് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വാണിയപ്പുരക്കൽ ഫിനാൻസിയേഴ്സ് | 1,2 |
| 2 | ചമ്പക്കര ക്ഷീരോത്പാദന സഹകരണ സംഘം | 1,2 |
| 3 | ഭാരത് ഇലക്ട്രോപ്ലേറ്റിംഗ്, കറുകച്ചാൽ | 2 |
| 4 | എൻ.എസ്.എസ്. എസ്റ്റേറ്റ്, കറുകച്ചാൽ | 1,2 |
| 5 | ശാരദാവിദ്യാമന്ദിരം,ചമ്പക്കര | 1,2 |
| 6 | രാജഹംസാശ്രമം വിദ്യാപീഠം,കറുകച്ചാൽ | 1,2 |
| 7 | കുത്രപ്പള്ളി ക്ഷീരോല്പാദകസഹകരണസംഘം | 1,2 |
| 8 | കൺസ്യൂമർഫെഡ് നീതി മെഡിക്കൽ സ്റ്റോർ | 1 |
| 9 | അർബൻബാങ്ക് നീതി മെഡിക്കൽ സ്റ്റോർ | 1,2 |

| | | |
|---|---|---|
| 10 | എൻ.പി റബ്ബേഴ്സ്, ചമ്പക്കര | 1 |
| 11 | റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി | 2 |
| 12 | എൻ.ആർ.ഇ.ജി.എ , കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് | 1,2 |
| 13 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവസ്റ്റ്മെന്റ്, കറുകച്ചാൽ | 2 |
| 14 | ഗുരു കോളേജ് ഓഫ് നഴ്സിംഗ്, കറുകച്ചാൽ | 2 |
| 15 | ട്രാവൻകോർ ഫൗണ്ടേഷൻ | 2 |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2-3 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|
| 1 | ഹോട്ടൽ അലൈന, കറുകച്ചാൽ | 6 |
| 2 | നേച്ചേഴ്സ് സ്പൈസസ്, കറുകച്ചാൽ | 4 |
| 3 | കല്യാൺ ജ്യൂവലേഴ്സ് മിനി സ്റ്റോർ, കറുകച്ചാൽ | 4 |
| 4 | മിഡ് വേ ഫുഡ് കോർട്ട്, കറുകച്ചാൽ | 7 |
| 5 | പ്രിയ ഹോട്ടൽ, കറുകച്ചാൽ | 7 |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (i) (ii) (iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും നിയമാനുസൃത ഇളവുകളില്ലാത്ത ജീവനക്കാരെ തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതാണ്.മെഡിക്കൽ സ്റ്റോറുകളിലെ ജീവനക്കാർ, പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തി കരാറുകാർ തുടങ്ങിയവരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 2-3 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ വാടക അടവാക്കുന്നില്ല

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ വാടക അടവാക്കുന്നില്ല. വാടകയ്ക്ക് പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾക്ക് വാടക വർദ്ധനവ്

വരുത്തുകയോ, കരാർ പുതുക്കുകയോ ചെയ്യുന്നില്ല. വാടക കുടിശിക വരുത്തിയിട്ടുള്ള സർക്കാർ ഓഫീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | പ്രതിമാസ വാടക | 2017-18 ലെ കുടിശ്ശിക കാലയളവ് |
|---|---|---|
| സബ് രജിസ്ട്രാർ ഓഫീസ് കറുകച്ചാൽ | 1387 | 12 മാസം |
| പി.ഡബ്ല്യു.ഡി.റോഡ് വിഭാഗം | 694 | 12 മാസം |
| എ.ഇ.ഒ.ഓഫീസ് കറുകച്ചാൽ | 2071 | 12 മാസം |
| സബ്ട്രഷറി ഓഫീസ് കറുകച്ചാൽ | 2294 | 12 മാസം |
| അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി | 6170 | 1 മാസം |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം 11) മറുപടിയായി ടി കെട്ടിടങ്ങളുടെ വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ വാടക കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 2-4 വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച ധാരാളം കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി & ഒ ട്രെയ്ഡ് ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല.

ഡി & ഒ ട്രേഡ് ലൈസൻസ് നൽകേണ്ട സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും ലൈസൻസിനായി നൽകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷത്തേക്കായി മാത്രം ലിസ്റ്റ് തയ്യാറാക്കുന്നു. ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻവർഷം 456 സ്ഥാപനങ്ങളാണ് ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2017-18 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1346 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 56 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 3 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. യിൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 6 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകൾ | 24 |
| ഓഫീസ് ആവശ്യം | 93 |
| വ്യവസായാവശ്യത്തിനുള്ള -കൈത്തറിഷെഡ്, കയർപിരിഷെഡ് | 110 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 48 |
| ആകെ എണ്ണം | 1686 |

സഞ്ചയയിലെ വിശദാംശം പ്രകാരം പഞ്ചായത്ത് പരിധിയിൽ 1686 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 456 ലൈസൻസാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. വാർഡ് അടിസ്ഥാനത്തിൽ കൃത്യമായി ടെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തതുമൂലം ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു.
പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ-വ്യവസായങ്ങളുടെ ആധികാരികമായ ലിസ്റ്റ് കൃത്യമായ വിവര ശേഖരണം നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. ഡി & ഓ ട്രേഡ് ലൈസൻസ്, ടെയ്ഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് ടെയ്ഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി ചെയ്യേണ്ടതാണ്. നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-5 നായ്ക്കൾക്ക് ലൈസൻസ് സംബന്ധിച്ച്.

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ലൈസൻസ് ഫീസായി 10 രൂപ ഈടാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ലൈസൻസില്ലാതെ പട്ടികളെ വളർത്തിയാൽ 250 രൂപ വരെ പിഴ ഈടാക്കേണ്ടതും പിന്നീട് ഓരോ ദിവസത്തേക്കും കുറ്റസ്ഥാപനത്തിൻമേൽ 50 രൂപ വീതം പിഴ ശിക്ഷ ചുമത്താവുന്നതുമാണ്. വാർഷിക കണക്കുകളിലെ RP4 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിലുള്ള ലൈസൻസ് ഫീസ് വരവ് 430 രൂപയാണ്. വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ പേ വിഷനിയന്ത്രണം എന്ന പ്രോജക്ട് പ്രകാരം (നമ്പർ 99/18) 371 നായ്ക്കൾക്ക് കുത്തിവെയ്പ്പ് എടുത്തിട്ടുണ്ട്. ഇതിൽ നിന്ന് ലൈസൻസ് ഇല്ലാതെ നിരവധി പേർ നായ്ക്കളെ വളർത്തുന്നുവെന്ന് കാണാം.

അടുത്ത കാലത്തായി വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യത്തിന്റെ പ്രധാന കാരണം ഉപേക്ഷിക്കപ്പെട്ട വളർത്തുനായകളാണ്. പഞ്ചായത്ത് പരിധിയിൽപ്പെട്ട എല്ലാ വളർത്തുനായകൾക്കും ലൈസൻസ് നൽകുന്നത് മൂലം ഇവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ ഉത്തരവാദിത്തം അവയുടെ ഉടമസ്ഥരിൽ വന്നുചേരുന്നു. ആയതിനാൽ ഉടമസ്ഥർ വളർത്തുനായകളുടെ സംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധാലുക്കളാകുകയും തന്മൂലം തെരുവുനായ ശല്യം കുറയുകയും ചെയ്യുന്നതാണ്. അതിനാൽ പഞ്ചായത്ത് പരിധിയിലുള്ള വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 2-6 കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ നിയന്ത്രണചട്ടങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ല

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യചുമതലയായ കെട്ടിടനിർമ്മാണ നിയന്ത്രണം നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയാണ്.2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ നിയന്ത്രണചട്ടങ്ങൾ പാലിച്ചാണ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതെന്നും, അനധികൃതനിർമ്മാണം/അനുമതിയില്ലാത്ത നിർമ്മാണം എന്നിവ നടക്കുന്നില്ലെന്നും പ്രാദേശിക ഭരണവ്യവസ്ഥ ഉറപ്പുവരുത്തണം.എന്നാൽ ഓഡിറ്റിന്റെ പരിശോധനയിൽ ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്ന സാധാരണ നടപടികൾ ഒഴികെ ഭരണപരമായ ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടാകുന്നില്ല എന്ന് വ്യക്തമാകുന്നു. പെർമിറ്റ് രജിസ്റ്റർ, വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

1. അനധികൃതനിർമ്മാണം/അനുമതിയില്ലാത്ത നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ നിയന്ത്രണചട്ടങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ല. അനധികൃത നിർമ്മാണം കണ്ടെത്തി നിയന്ത്രിക്കുന്നതിന് ശക്തമായ ഉദ്യോഗസ്ഥ/ഭരണ സംവിധാനം പഞ്ചായത്തിൽ നിലവിലില്ല.ഉദാഹരണത്തിന് ശ്രീമതി . സൂയി ജിഷോ, വടക്കേടത്ത് ഹൗസ്, കുത്തുപ്പള്ളി,പി.ഒ. കറുകച്ചാൽ എന്നയാളുടെ പതിമൂന്നാം വാർഡിലെ ഇൻഡോർ കോർട്ട്(273/2-1). ഫീൽഡ് ചുമതലയുള്ള

ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി സ്റ്റോപ് മെമ്മോ നല്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സമയക്രമം പാലിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം കെട്ടിട പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ അംഗീകരിച്ചതോ നിരസിച്ചതോ ആയ വിവരം സെക്രട്ടറി കക്ഷികളെ അറിയിക്കേണ്ടതാണ്.എന്നാൽ സങ്കേതം സോഫ്റ്റ് വെയറിൽ സമർപ്പിക്കുന്ന അപേക്ഷകൾ നിശ്ചിത സമയപരിധി പൂർത്തിയായ ശേഷം മാത്രം നിരാകരിക്കുന്നതായായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര്, വിലാസം | അപേക്ഷനം., തീയതി | നിരാകരിച്ച തീയതി |
|---|---|---|
| സുനിൽ മാത്യു. കണ്ണംകുളം | A3/4810/17 31.07.17 | 13.09.17 |
| സേവ്യർ, തുണ്ടിയിൽ | A3/5709/17 31.08.17 | 21.10.17 |
| രാജേഷ്, ഉഷസ് | A3/7402/17 21.11.17 | 21.02.18 |
| ജോബ് ജെ .പാലക്കുന്നേൽ, | A3/304/18 16.01.18 | 27.04.18 |
| സൂസമ്മ പി.ജോസഫ് | A3//93518 12.02.18 | 18.04.18 |

പൊതുജനത്തിന് യഥാസമയം സേവനം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് പൊതു ഭരണ ചുമതലയുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയാണ്. എന്നാൽ ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധേയമായ ഇടപെടൽ ഉണ്ടായിട്ടുള്ളതായി കാണുന്നില്ല.

3.ക്രമവല്കരണം - ഫീസ് ഇടാക്കുന്നതിൽ കുറവ്.

തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ സങ്കേതം സോഫ്റ്റ്‌വെയർ പ്രകാരം ക്രമവല്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ജനറേറ്റ് ചെയ്ത് വരുന്നതും കക്ഷികളിൽ നിന്നും ഈടാക്കുന്നതും.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്,വിലാസം | പ്ലിന്ത് ഏരിയ | ക്രമവല്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| മാത്യു, ആഴീക്കൽ | 134.11m2 | 1206.99 | 805 | 401.99 |
| ജോർജ്ജ് സാം, കുറ്റത്തോട്ടിക്കൽ | 417.35m2 | 6260.25 | 4174 | 2086 |
| സി.ജി. രാജുചന്ദ്രമംഗലം, | 108.89m2 | 980.01 | 654 | 326.0 |

പഞ്ചായത്തിന് ഫീസിനത്തിൽ ലഭിക്കേണ്ട തുകയിൽ സോഫ്റ്റ്‌വെയർ അപാകം മൂലം കുറവുണ്ടാകുന്നത് സാങ്കേതിക വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും, സോഫ്റ്റ്‌വെയർ നിലവിൽ വന്ന ശേഷം ക്രമവല്കരണ കേസുകളിൽ ഈടാക്കിയ ഫീസ് പുന:പരിശോധിച്ച് കുറവു വന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-7 രജിസ്ട്രേഷൻ എടുക്കാതെ മെഡിക്കൽ /പാരാ മെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1997 -ലെ KPR (സ്വകാര്യ ആശുപത്രികളുടെയും പാര മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഈ വിഭാഗത്തിൽ പെടുന്ന സ്ഥാപനങ്ങൾ പ്രവർത്തനം നടത്തുന്നതിന് രജിസ്ട്രേഷൻ

എടുക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം മുൻ വർഷങ്ങളിൽ പ്രവർത്തനം നടത്തിവന്നിട്ടുള്ളതുൾപ്പെടെയുള്ള സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷം ഈ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല. രജിസ്ട്രേഷൻ പുതുക്കാത്ത/ എടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ഡി.ഡി.ആർ.സി എസ്.ആർ.എൽ ലബോറിട്ടറി, കറുകച്ചാൽ |
| 2 | പി.കെ. ഡെന്റൽ ക്ലിനിക്, കറുകച്ചാൽ |
| 3 | ശ്രീശൈലം കളരി ചികിൾസാ കേന്ദ്രം, കറുകച്ചാൽ |
| 4 | ജ്യൂലി ആൻസ് ഡയഗണോസ്റ്റിക് സെന്റർ, കറുകച്ചാൽ |
| 5 | ചെറുപുഷ്പം ആയുർവേദ ക്ളിനിക് , ചുത്രപ്പള്ളി |
| 6 | കാരുണ്യ മെഡിക്കൽ സെന്റർ, കറുകച്ചാൽ |
| 7 | കാരുണ്യ ഐ ഹോസ്പിറ്റൽ, കറുകച്ചാൽ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ കൊണ്ടു വരാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-8 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടണം

കെ എഫ് സി വാല്യം 1 ആർട്ടിക്കിൾ 282 പ്രകാരം തിരിച്ചുവാങ്ങാത്ത മൂന്ന് വർഷത്തിലേറെ പഴക്കമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ഇ.എം.ഡി മുതലായവ കാലഹരണപ്പെട്ട ഡെപ്പോസിറ്റായി കണക്കാക്കേണ്ടതും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മാറ്റേണ്ടതുമാണ്. കറുകച്ചാൽ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 1981-82 മുതൽ 2013-14 കാലയളവ് വരെ സ്വീകരിച്ചിട്ടുള്ളതും നാളിതുവരെ കരാറുകാർ മടക്കി വാങ്ങാത്തതുമായ തുക 294375രൂപയാണ്. കാലഹരണപ്പെട്ട ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മാറ്റിയതായി കാണുന്നില്ല.

| വർഷം | തുക |
|---|---|
| 1981-82 | 180 |
| 1986-87 | 1000 |
| 1999-2000 | 45 |
| 2001-2002 | 3300 |
| 2002-03 | 7400 |
| 2003-04 | 26649 |
| 2004-05 | 15445 |
| 2005-06 | 18220 |
| 2006-07 | 30325 |
| 2007-08 | 51000 |

| | |
|---|---|
| 2008-09 | 15600 |
| 2009-10 | 35042 |
| 2010-11 | 38670 |
| 2011-12 | 15500 |
| 2012-13 | 9050 |
| 2013-14 | 26889 |
| ആകെ | 294375 |

10.01. 2018 ലെ 14/1 നമ്പർ കമ്മറ്റി തീരുമാനപ്രകാരം തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മാറ്റുന്നതിനായി തീരുമാനമെടുത്തിരുന്നുവെങ്കിലും നാളിതുവരെ തുടർ നടപടി കൈക്കൊണ്ടിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-9 ഇ-ടെന്റർ- ടെന്റർ ഫീസ് ,ഇ.എം.ഡി തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചില്ല.

2017-18 വർഷം സെക്രട്ടറി, അസി.എൻജിനീയർ എന്നിവർ നിർവഹണം നടത്തിയ ചുവടെ ചേർക്കും പ്രകാരമുള്ള പ്രോജക്റ്റുകൾക്ക് ഇ-ടെന്റർ നടപടികൾ സ്വീകരിച്ചു.

| പ്രോജക്റ്റ് | നിർവഹണ ഉദ്യോഗസ്ഥൻ | ടെന്റർ ഫീസ് | ഇ.എം.ഡി | ടെന്ററുകളുടെ എണ്ണം | ലഭിക്കേണ്ട തുക |
|---|---|---|---|---|---|
| 193/18,വൃദ്ധർക്ക് കട്ടിൽ | സെക്രട്ടറി | 1120 | 7700 | 2 | 7700+ 1120x2= 8820 |
| 240/18,കറുകച്ചാൽ ബസ്റ്റാന്റിൽ വെയ്റ്റിംഗ് ഷെഡ് നിർമാണം | അസി.എൻജിനീയർ | 2500 | 37500 | 1 | 2500+ 37500= 40000 |
| 226/18,ഫ്രണ്ട് ഓഫീസ് കൗണ്ടർ,സ്റ്റോർ റൂം റാക്ക്,സെർവർ റൂം തുടങ്ങിയ പ്രവൃത്തികൾ | അസി.എൻജിനീയർ | 1200 | 15000 | 1 | 1200 + 15000= 16200 |
| 236/18, മാത്തിൽച്ചിറ അങ്കണവാടി കെട്ടിടനിർമാണം | അസി.എൻജിനീയർ | 1550 | 16250 | 2 | 1550x2+ 16250= 19350 |

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റിന്റെ ടെന്റർ തുക പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലും, അസി.എൻജിനീയർ നടപ്പിലാക്കിയവയുടേത് എക്സിക്യൂട്ടീവ് എൻജിനീയരുടെ അക്കൗണ്ടിലും ആണ് ക്രെഡിറ്റ് വന്നിട്ടുള്ളത്. ടി തുകകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല.

13.1.2010 ലെ സർക്കുലർ നമ്പർ 58608 / ഡി.ബി 2/2009 ത.സ്വ.ഭവ പ്രകാരം ആസ്തിരജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

### 3-2 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം അൻപത്തിരണ്ടോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി,കീഴ്ക്കോടതികൾ, ട്രിബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നത് നിരീക്ഷിക്കുന്നതിന് പഞ്ചായത്തിനു കഴിയുന്നില്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യം വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിൽ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ കൃത്യതയും വ്യക്തമല്ല. സ്യൂട്ട് രജിസ്റ്റർ കാലികമായും കൃത്യമായും സൂക്ഷിയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

### 3-3 ലക്ഷ്യം കൈവരിക്കാത്ത പ്രോജക്ടുകൾ - ചെലവ് തടസ്സപ്പെടുത്തുന്നു.

| നം. | പദ്ധതികളുടെ പേര് | നിർവഹണോദ്യഗസ്ഥൻ | തുക |
|---|---|---|---|
| 245/18 | ഉമ്പിടി, അഞ്ചാനി പട്ടികജാതി കോളനികളിലെ വിജ്ഞാൻ വാടികൾക്ക് ഫർണിച്ചർ വാങ്ങൽ | സെക്രട്ടറി | 144900 വികസനഫണ്ട്, എസ്.സി.പി |
| 235/18 | ഉമ്പിടി, അഞ്ചാനി പട്ടികജാതി കോളനികളിലെ വിജ്ഞാൻവാടി ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങൽ | സെക്രട്ടറി | 211352 വികസനഫണ്ട്, എസ്.സി.പി |

ഫർണിച്ചർ വാങ്ങൽ പദ്ധതിയിൽ 14 അലമാരകൾ, തമ്പുരാൻ കാലായിൽ, കോഴഞ്ചേരി എന്ന

സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേന 144900/- രൂപയ്ക്ക് വാങ്ങി വാഴൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് കൈമാറിയിട്ടുള്ളതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. നിലവിൽ 9 അലമാരകൾ ഉമ്പിടിയിലെയും, 5 അലമാരകൾ അഞ്ചാനിയിലെയും വിജ്ഞാനവാടി കെട്ടിടങ്ങളിൽ സൂക്ഷിച്ചിരിക്കുകയാണ്. എന്നാൽ നാളിതുവരെ വിജ്ഞാനവാടികൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പുസ്തകങ്ങൾ വാങ്ങൽ പ്രോജക്റ്റിലൂടെ 1500 ലധികം പുസ്തകങ്ങൾ 211352 രൂപ ചെലവിൽ വാങ്ങിയിട്ടുണ്ട്. കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്നും വാങ്ങിയ 71 ബുക്കുകൾ ഒഴിച്ചാൽ കൂടുതൽ ബുക്കുകളും ദർശന കൾച്ചറൽ സെന്റർ ,കോട്ടയം നടത്തിയ ബുക്ക് ഫെയറിൽ പങ്കെടുത്ത പുസ്തക പ്രസാധകരിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. വാങ്ങിയ പുസ്തകങ്ങൾ എല്ലാം ഉമ്പിടി വിജ്ഞാൻവാടിയിലെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. പുസ്തകങ്ങളുടെയും, അലമാരകളുടെയും വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇവയുടെ സംരക്ഷണം എന്ന ഉത്തരവാദിത്തം ആരെയും ഏൽപിച്ചിട്ടില്ല. വിജ്ഞാനവാടി കെട്ടിടങ്ങളിൽ ആരും എത്താത്തതിനാൽ കാട്ടു മൂടിയും,പൊടിപിടിച്ചും കിടക്കുന്ന അവസ്ഥയിലുമാണ്.

ഫയലുകളിലും, മറ്റ് രേഖകളിലും പദ്ധതി തുക ചെലവഴിച്ചതായി കാണിക്കുന്നതിനല്ലാതെ , പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ ഉതകുംവിധം പദ്ധതി നിർവ്വഹണം നടത്തിയിട്ടില്ല. ഒരു നല്ല ലൈബ്രറി പ്രവർത്തിക്കുന്നതിന് പുസ്തകങ്ങൾ വാങ്ങി നൽകുക എന്ന മഹത്തരമായ ഒരു പ്രോജക്റ്റ് നിർവ്വഹണം പദ്ധതിപ്പണം പാഴാക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തി നിൽക്കുന്നത് അംഗീകരിക്കാവുന്നതല്ല. വിജ്ഞാൻവാടികളുടെ പ്രവർത്തനം ആരംഭിച്ച് ലൈബ്രേറിയൻമാരെ നിയമിച്ച് ഫർണിച്ചറുകളും, പുസ്തകങ്ങളും ശരിയായ രീതിയിൽ സൂക്ഷിക്കുന്നത് വരെ മേൽ വിവരിച്ച രണ്ടു പ്രോജക്റ്റുകൾക്കായുള്ള 356252 രൂപ (144900 + 211352)യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പഞ്ചായത്ത് പൊതുശ്മശാനം നവീകരണം-പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്റ്റ് നമ്പർ -എസ്0020/18

അടങ്കൽ- 23300-രൂപ (ധനകാര്യകമ്മിഷൻ ഗ്രാന്റ്)

ചെലവ്- 175707/- (ബിൽ നം 4/2017-18 തീ 14.04.17)

കൺവീനർ- ശ്രീ.സുധീർ.സി.ജി

അളവുപുസ്തകം നമ്പർ --5/2017-18

എഗ്രിമെന്റ് നമ്പർ- 70/AE/LSGD/KCL/2016-17 Dt.17.-3.2017

2017-18 വർഷം ഗുണഭോക്തൃസമിതി മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

ഗുണഭോക്തൃസമിതി അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ, ബന്ധപ്പെട്ട ചെലവ് രേഖകൾ, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃസമിതി മാർഗരേഖ പ്രകാരം കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് നൽകേണ്ടത്. എന്നാൽ ഗുണഭോക്തൃസമിതി അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ, ബന്ധപ്പെട്ട വൗച്ചറുകൾ എന്നിവയില്ലാതെ തുക നൽകിയത് ക്രമപ്രകാരമല്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) മറുപടി ലഭ്യമാക്കിയില്ല. മതിയായ രേഖകളുടെ അഭാവത്തിൽ ഈ പ്രോജക്റ്റിനായി ചെലവഴിച്ച 175707/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോം നിർമ്മാണം- പ്രേജക്റ്റ് നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നംപർ | S0248//17-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ.പ്രീത് മാത്യു |
| അടങ്കൽ | 240000/-(പദ്ധതി വിഹിതം - 1.60,000 തനത് ഫണ്ട് -80,000) |
| ചെലവ് | 234810/- (80000പദ്ധതി വിഹിതം ക്യൂ- ലിസ്റ്റിലാണ് 154810/-,ചെക്ക്നം.0900231 തീ.31.3.2018-) |
| അളവുപുസ്തകം | എം.ബുക്ക് നം 94/17-18 |
| കരാർ നം./തീ | 103/AE/LSGD/KCL/17-18, 1.03.2018 |

ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിലെ എട്ട് വാർഡുകളിലായി എട്ട് വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോമുകളാണ് നിർമ്മിച്ചത്. പ്രവൃത്തി നടത്തിപ്പിനായി ടെൻഡർ ക്ഷണിച്ചതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ടെൻഡർ രജിസ്റ്ററിലും ഫയലിലും രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്റ്റ് ഫയൽ പ്രകാരം ടെൻഡർ ഫോം സമർപ്പിച്ചതും കരാറിൽ ഏർപ്പെട്ടതും ശ്രീ. ജേക്കബ് കുരുവിള എന്ന കരാറുകാരനാണ്. 5.1% below എസ്റ്റിമേറ്റ് നിരക്കിലാണ് ടിയാൾ ടെൻഡർ സമർപ്പിച്ചത്.എന്നാൽ 0.1% below എസ്റ്റിമേറ്റ് നിരക്കിൽ സമർപ്പിച്ച ശ്രീ.പ്രീത് മാത്യു എന്ന കരാറുകാരനാണ് പ്രവൃത്തി ചെയ്തത് എന്ന് പ്രവൃത്തിയുടെ ബിൽ,അളവുപുസ്തകം എന്നിവയിലെ രേഖപ്പെടുത്തലുകളിൽ നിന്ന് വ്യക്തമാകുന്നു.ശ്രീ.പ്രീത് മാത്യു ടെൻഡർ ഫോം സമർപ്പിച്ചതും കരാറിൽ ഏർപ്പെട്ടതുമായ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ടിയാളുടെ ടെൻഡർ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല.

2.സ്വകാര്യവ്യക്തികളുടെ സ്ഥലത്താണ് എട്ട് വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോമുകളും ടാങ്കുകളും സ്ഥാപിച്ചതെങ്കിൽ പൊതു ആവശ്യത്തിന് സ്ഥലമുപയോഗിക്കുന്നതിന് സ്ഥലമുടമകൾ പഞ്ചായത്തിന് അനുമതി നൽകിയതിന്റെ റവന്യൂ രേഖകൾ ലഭ്യമല്ല.

3.പ്ലാറ്റ് ഫോമുകൾക്ക് മേൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
4.പ്ലാറ്റ് ഫോമുകളുടെ സംരക്ഷണത്തിനായും കുടിവെള്ളവിതരണത്തിനായും പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമല്ല.

രേഖാമൂലം വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.20 ) മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ഈ പ്രോജക്റ്റിനായുള്ള 154810/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ജലസേചന പമ്പ് സെറ്റ് വിതരണം- അപാകതകൾ

പ്രോ.നം.38/18 ജലസേചന പമ്പ് സെറ്റ് വിതരണം- ചെലവ് : 85000/- (പൊതു)

ബിൽ നം.1)CBKcl 7/2017-18 - 42360-/12-10-17

2)CBKcl 19/2017-18-16354-/11-01-18

3)CBKcl 27/2017-18-26286-/07-03-18

നിർവ്വഹണോദ്യോഗസ്ഥ – കൃഷി ഓഫീസർ

കൃഷി ചെയ്യുന്നതിന് കുറഞ്ഞത് 20 സെന്റ് സ്ഥലമുള്ള നാമമാത്ര/ചെറുകിട കർഷകർക്ക് ജലസേചനത്തിനാവശ്യമായ 1HPയോ അതിലധികമോ ഉള്ള സെൻട്രിഫ്യൂഗൽ മോണോബ്ലോക്ക് പമ്പ്

സെറ്റിന്റെ വിലയുടെ 50% സബ്സിഡിയായി നല്കുന്നു. പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ശ്രീമതി പാറുക്കുട്ടിയമ്മ,വാർഡ്-2,കളത്തുങ്കൽ,ചമ്പക്കര 0.5HPയുടെ പമ്പ് സെറ്റാണ് 4,800/- രൂപയ്ക്ക് വാങ്ങിയതെങ്കിലും 2400/-രൂപ സബ്സിഡി നല്കി. പ്രോജക്റ്റ് മാനദണ്ഡത്തിൽനിന്ന് വ്യതിചലിച്ച് സബ്സിഡി നല്കിയത് അംഗീകരിക്കുന്നില്ല.

2)ശ്രീ.പ്രദീപ് ഗോപി,വാർഡ്-2,ഇലഞ്ഞിക്കൽ താഴെ,ചമ്പക്കരയ്ക്ക് പമ്പ് സെറ്റ് വാങ്ങിയതിന് സബ്സിഡിയിനത്തിൽ 4230-രൂപ അനുവദിച്ചിട്ടുണ്ട്.എന്നാൽ പമ്പ് സെറ്റ് വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. പർച്ചേസ് രേഖകൾ ഇല്ലാതെ സബ്സിഡി നല്കിയതു അംഗീകരിക്കുന്നില്ല.ആയതിനാൽ സബ്സിഡിയിനത്തിൽ നല്കിയ 4230-രൂപ പഞ്ചായത്തു ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

3)വാർഡ്-12ലെ ശ്രീമതി ത്രേസ്യാമ്മ ജോസഫ്,പടിഞ്ഞാറേക്കളം,കുരുപ്പള്ളി 5750-രൂപ വിലയുള്ള പമ്പ് സെറ്റാണ് വാങ്ങിയത്. എന്നാൽ (5750/2)2875-രൂപയ്ക്ക് പകരം 3604-രൂപ സബ്സിഡി നല്കിയിട്ടുണ്ട്. അധികമായി നല്കിയ 729-രൂപ തിരികെ ഈടാക്കേണ്ടതാണ്.
മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 26.09.18-ൽ നൽകിയ 21-ാം നമ്പർ ഓഡിറ്റ് തടസ്സ പത്രികയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മാനദണ്ഡങ്ങളിൽ നിന്ന് വ്യതിചലിച്ചും,തെറ്റായും നല്കിയ 7359/- (2400+4230+729) രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-7 കാർഷിക കർമസേനയ്ക്ക് യന്ത്ര ഉപകരണങ്ങളുടെ വിതരണം- രേഖകൾ ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോ.നം.45/18 കാർഷിക കർമസേനയ്ക്ക് കാർഷികയന്ത്ര ഉപകരണങ്ങളുടെ വിതരണം.
ചെലവ്- 28488-രൂപ ബിൽ നം.CB Kcl 2/2017-18/30/08/17.

കൃഷി ഓഫീസർ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം, ഗ്രാമ പഞ്ചായത്തിലെ കാർഷിക കർമസേനയ്ക്ക് കള വെട്ടി യന്ത്രം (1എണ്ണം), തെങ്ങ് കയറ്റ യന്ത്രം (4എണ്ണം) എന്നിവ RAIDCOയിൽ നിന്നും വാങ്ങി നല്കുന്നതിനാണ് ബിൽ മാറിയിട്ടുള്ളത്. ബന്ധപ്പെട്ട ഫയലിൽ RAIDCOയുടെ പ്രഫോർമ ഇൻവോയിസ് ഒഴികെ മറ്റു രേഖകളൊന്നുമില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കു ലഭ്യമാക്കാത്തതിനാൽ വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടോയെന്നു വ്യക്തമല്ല. ഉപകരണങ്ങളുടെ വിനിയോഗം സംബന്ധിച്ച് കാർഷിക കർമസേനയുമായി കരാർ ചമച്ചിട്ടില്ല.പ്രസ്തുത വാങ്ങൽ സംബന്ധിച്ച ബിൽ, സ്റ്റോക്ക്/വിതരണ വിവരങ്ങൾ, കർമസേനയുടെ കൈപ്പറ്റ്, ഉപകരണങ്ങളുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ, കരാർ മുതലായ രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടിനായുള്ള 28488/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 കരാറില്ലാതെ വൻതുക ഡെപ്പോസിറ്റായി നല്കിയത് .

ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷികപദ്ധതി പ്രോജക്റ്റുകൾ പ്രകാരം വിവിധ പ്രോജക്റ്റുകളുടെ നിർവഹണത്തിനായി ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിട്ടി, ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങളിൽ ചുവടെ ചേർക്കും പ്രകാരം തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| സ്ഥാപനം | പ്രോജക്റ്റുകളുടെ എണ്ണം | ഡെപ്പോസിറ്റ് തുക |
|---|---|---|
| ഇലക്ട്രിസിറ്റി ബോർഡ് | 35 | 2427997 |
| വാട്ടർ അതോറിട്ടി | 3 | 245000 |
| ഭൂജലവകുപ്പ് | 2 | 192000 |
| ആകെ | 40 | 2864997 |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ചവയാണ് ഈ നിക്ഷേപ പ്രവൃത്തികളെല്ലാം.

ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതല്ലാതെ ടി സ്ഥാപനങ്ങളുമായി ആധികാരികമായ കരാറുകൾ ഉണ്ടാക്കിയിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1807447, വികസനഫണ്ട് (എസ്.സി.പി)724512, തനത് ഫണ്ട് 333038 ഉൾപ്പെടെയാണ് ആകെ തുകയായ 2864997 രൂപ.

കൃത്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച കരാറുകൾ ഇല്ലാതെ തുകകൾ വ്യത്യസ്ത ഏജൻസികൾക്ക് കൈമാറിയത് തെറ്റായ നടപടിയാണ്. കൂടാതെ നാളിതുവരെ ആരംഭിക്കുകപോലും ചെയ്യിട്ടില്ലാത്ത ടി പ്രവൃത്തികളുടെ ചെലവ് വാഷികകണക്കുകളിൽ ആസ്തികളായാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയത് വാർഷികകണക്കുകളിലെ അപാകതയുമാണ്. അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല.

മതിയായ കരാറില്ലാതെ വിവിധ സ്ഥാപനങ്ങൾക്ക് നല്കിയ ആകെ 2864997/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ബാരൽ വില ഈടാക്കിയില്ല.

2017-18 വർഷം, ഗ്രാമപഞ്ചായത്തിൽ ചുവടെ ചേർക്കുംപ്രകാരം ടാറിംഗ്/റീടാറിംഗ് പ്രോജക്റ്റുകൾക്കായി ബിറ്റുമിൻ ഉപയോഗിച്ചു. ടി പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ഒരു ബാരലിന് 238/- രൂപ + 12% ജി.എസ്.റ്റി. നിരക്കിൽ ഈടാക്കേണ്ടിയിരുന്നു.

| പ്രോജക്റ്റ് | കരാറുകാരൻ | ബിറ്റുമിന്റെ അളവ് | ബാരൽ | തുക |
|---|---|---|---|---|
| 258/18 | ബാബു കുരുവിള | RS1-78.95 കി.ഗ്രാം.<br>VG-30<br>830.34കി.ഗ്രാം | 4 പ്രവൃത്തികൾക്കായി ആകെ 3 ബാരൽ RS1.<br>5 എണ്ണം | |
| 257/18 | ബാബു കുരുവിള | RS1-236.25കി.ഗ്രാം.,<br>VG-30<br>2475.9കി.ഗ്രാം. | 15എണ്ണം | |
| 267/18 | ബാബു കുരുവിള | RS1-118.15കി.ഗ്രാം.<br>VG-30<br>1247.65കി.ഗ്രാം | 8എണ്ണം | |
| 119/18 | ബാബു കുരുവിള | RS1-156.25കി.ഗ്രാം.<br>VG-30<br>1635.37കി.ഗ്രാം. | 10എണ്ണം<br>ആകെ -41 ബാരൽ | ആകെ 41 ബാരലിന്<br>9758+1171=10929 |
| 201/18 | പ്രീത് മാത്യു | RS1-84.82കി.ഗ്രാം.<br>VG-30<br>907.33കി.ഗ്രാം. | 1 എണ്ണം<br>6 എണ്ണം<br>ആകെ-7 ബാരൽ | ആകെ 7ബാരലിന്<br>1666+200=1866 |

എന്നാൽ ബാരൽ വില ഈടാക്കാതെയാണ് കരാറുകാർക്ക് ബിൽ തുക നല്കിയത്. ആകെ ഉപയോഗിച്ച 48 ബാരലുകളുടെ വില 12795 രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. കരാറുകാർ തുക അടയ്ക്കുന്നില്ലയെങ്കിൽ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനായ അസി.എൻജിനീയറിൽ നിന്ന് തുക ഈടാക്കേണ്ടതാണ്.

## 3-10 വിഹിതംനല്കൽ പ്രോജക്ടുകൾ -വിനിയോഗവിവരം, രസീത് എന്നിവയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് സാമൂഹ്യസുരക്ഷാമിഷൻ,വാഴൂർ ബ്ലോക്ക്പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതം നല്കിയിട്ടുണ്ട്. എന്നാൽ ടി ചെലവ് തുകകളുടെ രസീത്, വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല.

| പ്രോജക്റ്റ് | തുക നല്കിയ സ്ഥാപനം | തുക | ബിൽനം/തീയതി | റിമാർക് |
|---|---|---|---|---|
| പ്രോ.നം. 42/18, സാമൂഹ്യസുരക്ഷാമിഷന് തുക നല്കൽ | സാമൂഹ്യസുരക്ഷാമിഷൻ | 100000/ വികസനഫണ്ട് | 3/19-7-17 | അക്കൗണ്ട് ട്രാൻസ്ഫർ |
| പ്രോ.നം.82/18, ഖരമാലിന്യ ഷ്രെഡിംഗ് യൂണിറ്റ്. | വാഴൂർ ബ്ലോക്ക്പഞ്ചായത്ത് | 200000/ വികസനഫണ്ട്. | 2/19-7-18 | അക്കൗണ്ട് ട്രാൻസ്ഫർ |
| പ്രോ.നം.247/18, ചമ്പക്കര കുടിവെള്ള പദ്ധതിക്ക് വിഹിതം | വാഴൂർ ബ്ലോക്ക്പഞ്ചായത്ത് | 277830/ ധന.കമ്മീഷൻഗ്രാന്റ്., 222170/ തനത്ഫണ്ട്. | 65/20-3-18 ചെക്ക്നം 0900204/21/3/18 | അക്കൗണ്ട് ട്രാൻസ്ഫർ. ” |

വിനിയോഗവിവരം, രസീതുകൾ എന്നിവയുടെ അഭാവത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 800000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പഞ്ചായത്തിലെ 211 പൊതു കുടിവെള്ള ടാപ്പുകൾക്ക് 5250/വർഷം /ടാപ്പ് രൂപ നിരക്കിൽ 92313 മാസം തോറും വെള്ളക്കരമിനത്തിൽ അടവാക്കുന്നുണ്ട്. 2017-18 ൽ ആകെ 1,107,756 രൂപ അടവാക്കിയിട്ടുണ്ട്. മുൻ വർഷങ്ങളിലേതു പോലെ ഉപയോഗിക്കാത്ത ടാപ്പുകൾ നിരവധിയുള്ളതായി നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി 25.07.16 ൽ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് (നം.55/16) നൽകിയതായി മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിട്ടിട്ടുള്ളതാണ്. എന്നാൽ വെള്ളക്കരം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സംബന്ധിച്ച പരിശോധനയ്ക്കായി ഫയൽ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. അനാവശ്യമായി വൻതുക വെള്ളക്കരം ഒടുക്കേണ്ടി വരുന്നത് ഒഴിവാക്കി ഉപയോഗത്തിലുള്ള ടാപ്പുകൾക്ക് മാത്രം കരം ഒടുക്കുന്നതിനുള്ള സത്വര നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

## 3-12 കന്നുകുട്ടിപരിപാലനപദ്ധതി- വിനിയോഗവിവരമില്ല.ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോ.നം.30/18 നിർവഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

ചെലവ്:237500-(പൊതു) ബിൽ നം.PP-1/17-18/26-08-17

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രസ്തുത പദ്ധതി പ്രകാരം 38 ഗുണഭോക്താക്കൾക്ക് 6250/-രൂപ (പഞ്ചായത്തു വിഹിതവും സംസ്ഥാനാവിഷ്കൃത വിഹിതവുമുൾപ്പെടെ) വീതം ആകെ 237500/-രൂപ അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം,കോട്ടയം ന്റെ അക്കൗണ്ടിലേക്ക് മാറി നല്കിയിട്ടുണ്ട്. പ്രോജക്റ്റ് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 237500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 ആശ്രയ ഒന്നും രണ്ടും ഘട്ട പദ്ധതികൾ-പദ്ധതിപ്പണം ചെലവാകാതെ 8,07,695/- രൂപ ബാങ്കിൽ അവശേഷിയ്ക്കുന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ നിർദ്ധനരും നിരാലംബരുമായ അഗതികളെ കണ്ടെത്തി അവർക്ക് അടിസ്ഥാന സൗകര്യം ഒരുക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് ഉയർത്തുന്നതിന് ലക്ഷ്യമിട്ടാണ് ആശ്രയപദ്ധതിയുടെ ആദ്യഘട്ടം പഞ്ചായത്തിൽ തുടക്കമിട്ടത്.(2007-10ഒന്നാം ഘട്ടം 2011-17രണ്ടാം ഘട്ടം) 36 കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായികണ്ടെത്തിയത്. 2201662ചലഞ്ച് ഫണ്ടായി കിട്ടിയിട്ടുണ്ട്. 2675500രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി നല്കുകയുണ്ടായി.

സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി,വസ്ത്രം, ഭവനഅറ്റകുറ്റപ്പണി, ഭക്ഷണം, വിദ്യാഭ്യാസം, കുടിവെള്ളം, ശൗചാലയം തുടങ്ങിയവ ലഭ്യമാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. തുകയുടെ നാളിതുവരെയുള്ള വിനിയോഗം താഴെ പറയും പ്രകാരമാണ്.

| | തുക രൂപയിൽ (രണ്ട് ഘട്ടങ്ങൾക്കും കൂടി) |
|---|---|
| ഭക്ഷണം | 990764 |
| ചികിത്സ | 37255 |
| ഭൂമി | 325500 |
| വിദ്യാഭ്യാസം | 45788 |
| വീട് | 1361400 |
| അറ്റകുറ്റപ്പണി | 782600 |
| കുടിവെള്ളം | 105000 |
| സ്വയം തൊഴിൽ | 2850 |
| വൈദ്യുതി | 10000 |
| ഫർണിച്ചർ | 2750 |
| മറ്റുള്ളവ | 94135 |
| ആകെ | 4278877 |

പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, സി.ഡി.എസ് ചെയർപെഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തുടങ്ങിയവർ അടങ്ങിയ സമിതി പ്രതിമാസ അവലോകനം നടത്തി സമയോചിത നടപടി കൈക്കൊള്ളേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖ നിഷ്കർഷിയ്ക്കുന്നുണ്ടെങ്കിലും ഫലപ്രദമായ മോണിട്ടറിംഗ് നടക്കുന്നില്ല. തന്മൂലം ബാക്കിനിൽക്കുന്ന 807695/- രൂപ ഉപയോഗിക്കാതെ എസ്.ബി.ഐ.കറുകച്ചാൽ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളിൽ അവശേഷിയ്ക്കുന്നു. തുക വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 3-14 ടാക്സി സ്റ്റാൻഡ് നിർമ്മാണം-തുടർനടപടികൾ കൈക്കൊള്ളേണ്ടതു സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷ റിപ്പോർട്ടിൽ ടാക്സി സ്റ്റാന്റിനായി സ്ഥലം ഏറ്റെടുത്തതിലെ അപാകതകളും ടാക്സി സ്റ്റാന്റ് പ്രവർത്തനം ആരംഭിക്കാത്തതു സംബന്ധിച്ചും പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട് (ഖണ്ഡിക 3.8). ഭൂമി ഏറ്റെടുക്കൽ നടപടി 29.07.2016-ൽ പൂർത്തിയാക്കി റവന്യൂ വകുപ്പിൽ നിന്ന് ഫാറം നം.14-ൽ വിവരങ്ങൾ രജിസ്ട്രേഷൻ വകുപ്പിന് കൈമാറിയതായി പ്രസ്തുത ഖണ്ഡികയിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

എന്നാൽ സ്ഥലമുടമകൾ ബഹു.ഹൈക്കോടതിയിൽ സ്ഥലമേറ്റെടുക്കലിനെതിരായി നൽകിയ കേസിൽ റവന്യൂ വകുപ്പ് സ്വീകരിച്ച സ്ഥലമേറ്റെടുക്കൽ നടപടികൾ എല്ലാം റദ്ദാക്കുകയും ഉടമകൾക്കനുകൂലമായി വിധി ഉണ്ടാവുകയും ചെയ്യുതായി കാണുന്നു. (ഒറിജിനൽ കേസ് ഫയൽ പരിശോധനയ്ക്കായി അഡ്വക്കേറ്റിന്റെ കൈവശമായതിനാൽ ഓഡിറ്റിൽ ലഭ്യമാവുകയുണ്ടായില്ല).

ടാക്സിസ്റ്റാൻഡിനായി പഞ്ചായത്ത് വാങ്ങിയ സ്ഥലത്തെ സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ WPC no. 19575 എന്ന നമ്പരിൽ സ്ഥലമുടമയായിരുന്ന സ്വകാര്യവ്യക്തി സമർപ്പിച്ച കേസ് നിലവിലുണ്ട്.

പ്രസ്തുത കേസ് ഫയൽ പരിശോധിച്ചതു പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2013-ലെ പുതിയ ആക്ട് പ്രകാരം സ്ഥലമെടുപ്പ് നടപടികൾ നടത്തുന്നതിന് പഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. എന്നാൽ സ്ഥലം ഏറ്റെടുക്കുകയും കൈവശപ്പെടുത്തുകയും നിർമ്മാണപ്രവൃത്തികൾ നടത്തുകയും ചെയ്ത സാഹചര്യത്തിൽ പഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ സ്ഥലമുടമകളുമായി സന്ധി സംഭാഷണത്തിലേർപ്പെട്ട് ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന അഡ്വക്കേറ്റിന്റെ ഉപദേശം സ്വീകരിക്കാവുന്നതാണ്.

17.05.2010 തീയതിയിൽ കോട്ടയം ജില്ലാ കളക്ടർ ഈ സ്ഥലമെടുപ്പ് നടപടിയ്ക്ക് നിജപ്പെടുത്തിയ അവാർഡ് തുക ₹62,88,195/- കറുകച്ചാൽ ഗ്രാമപഞ്ചായത്ത് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. അതുപോലെ അവാർഡിന് ശേഷം ടി സ്ഥലം കറുകച്ചാൽ ഗ്രാമപഞ്ചായത്ത് കൈവശപ്പെടുത്തിയിട്ടുള്ളതും ടാക്സി, ഓട്ടോസ്റ്റാന്റിന് വേണ്ടുന്ന കംഫർട്ട് സ്റ്റേഷൻ ഉൾപ്പെടെ ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമാണ്.

എന്നാൽ സ്ഥലമുടമകളായിരുന്ന ശ്രീ.പുന്നൻ കുര്യൻ ഉൾപ്പെടെയെള്ളവർ സമർപ്പിച്ച ഹർജ്ജി പരിഗണിച്ച ബഹു.ഹൈക്കോടതി സിംഗിൾ ബെഞ്ച് ലാന്റ് അക്വിസിഷൻ അധികാരികളുടെ ഭാഗത്തുനിന്നും സാങ്കേതികമായ വീഴ്ചകൾ ഉണ്ടായി എന്ന് കണ്ടെത്തിയിട്ടുള്ളതാണ്. ടി വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ ലാന്റ് അക്വിസിഷൻ അധികാരികൾക്ക് സംഭവിച്ച വീഴ്ചമൂലം ഭൂമി എറ്റെടുത്ത നടപടികൾ നിയമവിരുദ്ധമാണെന്ന് കണ്ടെത്തുകയാണുണ്ടായത്. എന്നാൽ 2013 ലെ Right to fair Compensation and Transparancy in Land Acquisiton, Rehabilitation and Resettlement Act പ്രകാരം പഞ്ചായത്തിന് സ്ഥലം ഏറ്റെടുക്കാമെന്നും അതിനായി പുതുതായി യാതൊരു നടപടികളും സ്വീകരിക്കേണ്ടതില്ല എന്നും അപ്രകാരം പഞ്ചായത്തിന് താല്പര്യം ഉണ്ട് എങ്കിൽ അത് ഗവൺമെന്റിനെ രണ്ട് മാസത്തിനുള്ളിൽ അറിയിക്കേണ്ടതാണ് എന്നും വിധിച്ചിട്ടുള്ളതാണ്. പിന്നീട് രണ്ട് മാസത്തിനകം പഞ്ചായത്ത് രണ്ടായിരത്തി പതിമൂന്നിലെ (2013) നിയമപ്രകാരം ഉള്ള പണം ലാന്റ് അക്വിസിഷൻ അധികാരികൾ മുമ്പാകെ നിക്ഷേപിക്കേണ്ടതുമാണ്.

ടാക്സി സ്റ്റാന്റിലെ ഭൂമിയും അനുബന്ധ കെട്ടിടവും (കംഫർട്ട് സ്റ്റേഷൻ) പഞ്ചായത്തിന്റെ ആസ്തിയാക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ | തുക ലഭിച്ച | ലഭിച്ച | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി. |
|---|---|---|---|---|---|

| സ്ഥാപനം | തീയതി | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ. | 28.9.2017 | 491667 | പാലിന് സബ്സിഡി. | 491667 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ. | 28.9.2017 | 50000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ. | 28.9.2017 | 83330 | അങ്കണവാടി പോഷകാഹാരവിതരണം. | 83330 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ. | 31.82017 | 59745 | എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈൻ, തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ. | 59745 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോ.നം131/18, തൊമ്മച്ചേരി-തെക്കേമാക്കി റോഡ് സ്ട്രീറ്റ് ലൈൻ | 49875 | ഇല്ല | 49875 |
| കെ.എസ്.ഇ.ബി | പ്രോ.നം132/18, തകടിയേൽ-ഇല്ലത്താഴെ റോഡ് സ്ട്രീറ്റ് ലൈൻ | 29925 | ,, | 29925 |
| കെ.എസ്.ഇ.ബി | പ്രോ.നം137/18, കറുകച്ചാൽ അദ്ധ്യാപക സഹ.ബാങ്ക് സ്ട്രീറ്റ് ലൈൻ | 19950 | ,, | 19950 |
| ,, | പ്രോ.നം.139/18, പച്ചിലമാക്കൽ- കുറ്റിക്കൽ വഴി സ്ട്രീറ്റ് | 49875 | ,, | 49875 |

| | | | | |
|---|---|---|---|---|
| | ലൈൻ | | | |
| ,, | പ്രോ.നം.164/18, കൊല്ലകര-പള്ളിപ്പടി റോഡ് സ്ട്രീറ്റ് ലൈൻ | 59325 | ,, | 59325 |
| ,, | പ്രോ.നം166/18, പുലിക്കോട്ടുപടി-പി.എൽ.സി റോഡ് സ്ട്രീറ്റ് ലൈൻ | 59325 | ,, | 59325 |
| ,, | പ്രോ.നം168/18, മാക്കിയിൽ-മറ്റത്തിങ്കൽ റോഡ് സ്ട്രീറ്റ് ലൈൻ | 74970 | ,, | 74970 |
| ,, | പ്രോ.നം171/18, പള്ളത്തേട്ട്-പാല്യർകട്ടപ്പിൽ സ്ട്രീറ്റ് ലൈൻ | 59325 | ,, | 59325 |
| ,, | പ്രോ.നം172/18, വടക്കേക്കര-ഉള്ളാട്ട്കാവ്റോഡ് സ്ട്രീറ്റ് ലൈൻ | 49875 | ,, | 49875 |
| ,, | പ്രോ.നം176/18, പ്ലാച്ചിക്കൽ റോഡ് സ്ട്രീറ്റ് ലൈൻ | 99990 | ,, | 99990 |
| ,, | പ്രോ.നം179/18, തേക്കനാൽ-മഠത്തിക്കുളംകുട്ടുങ്കൽ റോഡ് സ്ട്രീറ്റ് ലൈൻ | 49875 | ,, | 49875 |
| ,, | പ്രോ.നം189/18, കുത്രപ്പള്ളി-പന്തമാക്കൽ തെങ്ങോലി റോഡ് സ്ട്രീറ്റ് ലൈൻ | 198000 | ,, | 198000 |
| ,, | പ്രോ.നം229/18, ശുഭാനന്ദാശ്രമം-കാവിൽ എസ്.സി കോളനി സ്ട്രീറ്റ് ലൈൻ. | 173850 | ,, | 173850 |

| | | | | |
|---|---|---|---|---|
| ,, | പ്രോ.നം233/18,<br>ഇഞ്ചക്കുഴി കോളനിയിൽ ഇഞ്ചക്കുഴിറോഡിലേക്ക് സ്ട്രീറ്റ് ലൈൻ | 19981 | ,, | 19981 |
| ,, | പ്രോ.നം252/18,<br>പാലക്കപ്പടി-മത്തിനാൽചിറ സ്ട്രീറ്റ് ലൈൻ | 149625 | ,, | 149625 |
| ,, | പ്രോ.നം.261/18,<br>വെട്ടിക്കാവുങ്കൽ-പച്ചിലമാക്കൽ സ്ട്രീറ്റ് ലൈൻ | 49875 | ,, | 49875 |
| ,, | പ്രോ.നം.263/18,<br>കള്ളിയാട്-കവളിമാവ്റോഡ് സ്ട്രീറ്റ് ലൈൻ | 58500 | ,, | 58500 |
| ,, | പ്രോ.നം.264/18,<br>കല്ലോലിക്കൽ-മുതിരമല റോഡ് സ്ട്രീറ്റ് ലൈൻ | 20000 | ,, | 20000 |
| ,, | പ്രോ.നം.269/18,<br>എൻ.എസ്.എസ് പടി- മാമ്പടി റോഡ് സ്ട്രീറ്റ് ലൈൻ | 21000 | ,, | 21000 |
| ,, | പ്രോ.നം.272/18,<br>കാരയ്ക്കാട്ടുകുന്ന്-കൊട്ടാരത്തിൽപ്പടി റോഡ് സ്ട്രീറ്റ് ലൈൻ | 49875 | ,, | 49875 |
| ,, | പ്രോ.നം.273/18,<br>നടമേൽ- ചാസ് റോഡ് സ്ട്രീറ്റ് ലൈൻ | 69525 | ,, | 69525 |
| ,, | പ്രോ.നം.274/18,<br>ആനക്കല്ലുങ്കൽ-തെക്കേക്കര റോഡിൽ സ്ട്രീറ്റ് ലൈൻ | 71400 | ,, | 71400 |

| | | | | |
|---|---|---|---|---|
| ,, | പ്രോ.നം277/18,<br>താഴത്തേൽപ്പടി-ബുധനാകുഴി റോഡ്<br>സ്ട്രീറ്റ് ലൈൻ | 81150 | ,, | 81150 |
| ,, | പ്രോ.നം.278/18,<br>കിഴക്കയിൽ മുണ്ടൻകുന്ന് -തകടിയേൽ<br>റോഡ് സ്ട്രീറ്റ് ലൈൻ | 42000 | ,, | 42000 |
| ,, | പ്രോ.നം.279/18,<br>കൂടത്തിനാൽപടി-പടിഞ്ഞാറേ നടക്കാവ്<br>റോഡ് സ്ട്രീറ്റ് ലൈൻ | 34710 | ,, | 34710 |
| ,, | പ്രോ.നം280/18,<br>കറുകച്ചാൽ എൽ.ഐ.സി ഓഫീസ് –<br>കൊടിഞ്ഞാംകുന്നേൽ റോഡ് സ്ട്രീറ്റ്<br>ലൈൻ | 12600 | ,, | 12600 |
| ,, | പ്രോ.നം281/18,<br>കുറ്റിക്കൽ-തട്ടാരടി റോഡ് സ്ട്രീറ്റ് ലൈൻ | 21000 | ,, | 21000 |
| ,, | പ്രോ.നം282/18,<br>കുറുപ്പൻകവല-ഒതനംപറമ്പ് റോഡ്<br>സ്ട്രീറ്റ് ലൈൻ | 16800 | ,, | 16800 |
| ,, | പ്രോ.നം283/18,<br>കുന്നപ്പള്ളി-മഠത്തിനാൽ റോഡ്<br>സ്ട്രീറ്റ് ലൈൻ | 198300 | ,, | 198300 |
| ,, | പ്രോ.നം291/18,കുറ്റിക്കൽ തട്ടാരടി-<br>എൽ.ഐ.സി റോഡ് സ്ട്രീറ്റ് ലൈൻ | 16275 | ,, | 16275 |
| ,, | പ്രോ.നം294/18,<br>തകടിയേൽ-ആനക്കല്ലുങ്കൽ റോഡിൽ<br>സ്ട്രീറ്റ് ലൈൻ | 10809 | ,, | 10809 |

| | | | | |
|---|---|---|---|---|
| വാട്ടർ അതോറിട്ടി. | പ്രോ.നം133/18,<br>ആനക്കൽ-തെക്കേമാക്കിൽ റോഡിൽ പൈപ്പ് ലൈൻ | 100000 | ,, | 100000 |
| ,, | പ്രോ.നം141/18,<br>കറുകച്ചാൽ-പച്ചിലമാക്കൽ റോഡ് പൈപ്പ് ലൈൻ | 80000 | ,, | 80000 |
| ,, | പ്രോ.നം160/18,<br>മാമ്പതി കോളനിയിൽ എസ്.സി. സങ്കേതത്തിലേക്ക് പൈപ്പ് ലൈൻ | 65000 | ,, | 65000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പ്രോ.നം156/18,<br>ഉരപ്പുഴക്കൽ-ചിറക്കൽ റോഡിൽ<br>കുഴൽക്കിണർ | 95000 | ,, | 95000 |
| ,, | പ്രോ.നം158/18,<br>വടക്കേപ്പറമ്പ്-കുമ്പന്താനം റോഡിൽ കുഴൽകിണർ | 97000 | ,, | 97000 |
| കെ.എസ്,ഇ.ബി | പ്രോ.നം262/18,പുലിയിളയ്ക്കൽപ്പടി സ്കൂൾ റോഡ് സ്ട്രീറ്റ് ലൈൻ | 99750 | ,, | 99750 |
| കെ.എസ്,ഇ.ബി | പ്രോ.നം253/18,തൃക്കോയിക്കൽ-മുതലപ്രസ്ട്രീറ്റ് ലൈൻ | 24990 | ,, | 24990 |
| കെ.എസ്.ഇ.ബി | പ്രോ.നം225/18,കാരക്കാട്ട് കുന്ന് ഊന്നുകല്ല് എസ്.സി. കോളനിയിൽ സ്ട്രീറ്റ് ലൈൻ | 285672 | ,, | 285672 |
| കെ.എസ്.ഇ.ബി | പ്രോ.നം.126/18<br>പൂമറ്റം കോളനി സ്ട്രീറ്റ്ലൈൻ നീട്ടൽ വാർഡ് 10 | 100000 | ,, | 100000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവ് ചെലവുകളില്ല.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3336 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|
| 2016-17 വർഷത്തെ ഓഡിറ്റ് വേളയിൽ അടവാക്കിയ തുക | ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം4 | 3336 | കൺവീനർ ശ്രീ. രതീഷ് കെ. രവീന്ദ്രൻ117020102677/27.07.17 | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ-പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസം | അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014-16) 55-ാ മത് റിപ്പോർട്ട് ഖ.77 പ്രകാരം ഒഴിവാക്കി |
| 2000-01 | 3-6 | 2006-07 | 3-34-1 | ജെ.ജി.എസ്.വൈ മാലം മാന്തുരുത്തി റോഡ് റീടാറിംഗ് നടപ്പാക്കിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1996-97 | | 1999-2000 | 4 പേജ് 37 | ഉപാധിരഹിത ഫണ്ട് ഭവനനിർമ്മാണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | അപാകതകൾ | പരിഗണനയിലാണ് |
| പ്രവർത്തനാവലോകന ഓഡിറ്റ് റിപ്പോർട്ട് | | 2011-12 | | ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും | ” |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ നിലവിലില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66359571.55 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52290911 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20154 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4617754 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 7359 | ശ്രീമതി ബിന്ദു കെ.കെ., കൃഷി ഓഫീസർ |
| 3-9 | | 12795 | ശ്രീമതി രശ്മി എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 356252 | ശ്രീമതി അനിത എം.തോമസ്,സെക്രട്ടറി |
| 3-4 | 175707 | ശ്രീമതി ദിവ്യ എസ്.നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 154810 | ശ്രീമതി രശ്മി എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 28488 | ശ്രീമതി ബിന്ദു കെ.കെ., കൃഷി ഓഫീസർ |
| 3-8 | 2864997 | ശ്രീമതി അനിത എം.തോമസ്,സെക്രട്ടറി |
| 3-10 | 800000 | ശ്രീമതി അനിത എം.തോമസ്,സെക്രട്ടറി |
| 3-12 | 237500 | ഡോ.രാജി ജോസ് ജേക്കബ്, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം – ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി ബിന്ദു കെ.കെ., കൃഷി ഓഫീസർ | കൃഷി ഓഫീസർ, കറുകച്ചാൽ ഗ്രാമപഞ്ചായത്ത് | രാഗേന്ദു, പെരുന്ന പി.ഒ., ചങ്ങനാശ്ശേരി |
| ശ്രീമതി രശ്മി എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കറുകച്ചാൽ ഗ്രാമപഞ്ചായത്ത് | വാലേപ്പറമ്പിൽ, വടവാതൂർ പി.ഒ. കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 (ചെലവ്) | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(1)/18/ 20.02.18 | 1 |
| 1999-2000 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(2)/18/ 20.02.18 | 4 |
| 2000-01, 01-02 (പ്ലാൻ) | എൽ.എഫ്.കെ.പി.8/636/03/16.4.05 | |
| 2000-01 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(3)/18/ 20.02.18 | 1 |
| 2001-02 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(4)/18/ 20.02.18 | 2 |
| 2003-04 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(6)/18/ 20.02.18 | 1 |
| 2004-05 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(7)/18/ 20.02.18 | 1 |
| 2005-06 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(8)/18/ 20.02.18 | 4 |
| 2007-08 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(10)/18/ 20.02.18 | 2 |
| 2008-09 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(11)/18/ 20.02.18 | 3 |
| 2009-10 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(12)/18/ 20.02.18 | 16 |
| 2010-11 | എൽ.എഫ്.കെ.പി.5/1078/13/4.9.13 | |
| 2011-12 | എൽ.എഫ്.കെ.പി.5/158/13/2.7.13 | |
| 2012-13 | എൽ.എഫ്.കെ.പി.5/1580/14/4.5.15 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/1558/15/20.3.16 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/600/18/04.04.18 | 19 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/117/17/15.05.17 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/429/18/27.03.18 | 21 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി5/1810/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 17.10.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കോട്ടയം